# കേരള സർവകലാശാല

## ഒന്നാം വർഷ ബിരുദ (FYUGP) പ്രവേശനം 2026 – 27

## എയ്ഡഡ് കോളേജുകളിലെ കമ്മ്യൂണിറ്റി ക്വാട്ട അലോട്ട്മെന്റിലേക്ക് ഓപ്ഷൻസ് നൽകുന്നതിന് 02.07.2026 മുതൽ 07.07.2026 വരെ അവസരം.

# നിർദ്ദേശങ്ങൾ

- കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകൾ: എയ്ഡഡ് കോളേജ് നടത്തുന്ന മാനേജ്മെന്റിന്റെ സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികളിൽ നിന്നും മെറിറ്റിന്റെ അടിസ്ഥാനത്തിൽ നികത്തപ്പെടുന്ന സീറ്റുകളാണ് 'കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകൾ'.
- കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് ആൻഡ് സയൻസ് എയ്ഡഡ് (Aided) കോളേജുകളിലെ ബിരുദ കോഴ്സുകളിലേക്കുള്ള കമ്മ്യൂണിറ്റി ക്വാട്ട പ്രവേശനത്തിന് ആഗ്രഹിക്കുന്ന നിലവിൽ രജിസ്ട്രേഷനുള്ള വിദ്യാർത്ഥികൾക്ക് അവരുടെ പ്രൊഫൈലിൽ ലഭ്യമാക്കിയിട്ടുള്ള കമ്മ്യൂണിറ്റി ക്വാട്ട ലിങ്ക് വഴി 02.07.2026 മുതൽ 07.07.2026 വരെ ഓപ്ഷൻസ് നൽകാവുന്നതാണ്.
- നിലവിൽ ഏതെങ്കിലും കോളേജിൽ അഡ്മിഷൻ എടുത്തവരും അഡ്മിഷൻ എടുത്ത ശേഷം കോളേജിൽ നിന്നും ടിസി വാങ്ങിയവരും, പല ഘട്ടങ്ങളിൽ അഡ്മിഷൻ പ്രക്രിയയിൽ നിന്നും പുറത്തായവരും ഉൾപ്പെടെ എല്ലാവരും പുതുതായി കമ്മ്യൂണിറ്റി ക്വാട്ട ഓപ്ഷൻസ് നൽകിയാൽ മാത്രമേ കമ്മ്യൂണിറ്റി ക്വാട്ട അലോട്ട്മെന്റിലേക്ക് പരിഗണിക്കുകയുള്ളൂ.
- തിരുത്തലുകൾ വരുത്തി കഴിഞ്ഞാൽ, പുതിയതായി നൽകിയ ഓപ്ഷനുകൾ/മാറ്റങ്ങൾ അപേക്ഷയിൽ വന്നിട്ടുണ്ട് എന്ന്

ഉറപ്പാക്കേണ്ടതും അപേക്ഷയുടെ ഏറ്റവും പുതിയ പ്രിന്റൗട്ട് എടുത്ത് തുടർ ആവശ്യങ്ങൾക്കായി സൂക്ഷിക്കേണ്ടതുമാണ്.

- **കമ്മ്യൂണിറ്റി ക്വാട്ട അലോട്ട്മെന്റ് 08/07/2026 ന് പ്രസിദ്ധീകരിക്കും.**
- കൂടുതൽ വിവരങ്ങൾക്ക്: അഡ്മിഷനുമായി ബന്ധപ്പെട്ട പുതിയ അപ്ഡേറ്റുകൾക്കായി സർവകലാശാലയുടെ പത്രക്കുറിപ്പുകളും ഔദ്യോഗിക വെബ്സൈറ്റും പരിശോധിക്കുക:
- വെബ്സൈറ്റ്: https://admissions.keralauniversity.ac.in/fyugp2026
- ഹെൽപ്പ് ലൈൻ നമ്പർ : 8281883052

**രജിസ്ട്രാർ**

02/07/2026